പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3888 — 21.06. 2018 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിൽ നിയമനം നിർത്തിവെച്ച നടപടി

ചോദ്യം

ഡോ.എൻ.ജയരാജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ ജീവനക്കാരുടെ എണ്ണം ആവശ്യത്തിലധികമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) ഇല്ല. |
| (ബി) കരാർ,ദിവസ വേതന അടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക അടിസ്ഥാനത്തിലും ജോലി ചെയ്യുന്നവർ എത്രപേർ കെ.എസ്.ഇ.ബി.യിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ദിവസവേതന അടിസ്ഥാനത്തിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിലും ആരും തന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ അത്യാവശ്യ സാഹചര്യങ്ങളിൽ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രവർത്തികൾ കരാർ നൽകാറുണ്ട്. |
| (സി) കെ.എസ്.ഇ.ബി.യിലെ തസ്തികകളിൽ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് വിലക്കിക്കൊണ്ട്, പി.എസ്.സി.ക്ക് കത്ത് നൽകിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;അത്തരമൊരു കത്ത് അയക്കാനുണ്ടായ സാഹചര്യം എന്തെന്ന് വെളിപ്പെടുത്തുമോ; | (സി) കെ.എസ്.ഇ.ബി ലിമിറ്റഡിലെ യാതൊരു തസ്തികയിലേയ്ക്കുള്ള നിയമന നടപടികളും നിർത്തിവയ്ക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ **33,000**-ത്തോളം ജീവനക്കാർ ജോലി ചെയ്യുമ്പോൾ **27,175** ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ **(KSERC)** അനുവദിച്ചിട്ടുള്ളത്. **27,175**-ന് പുറത്തുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക **KSERC** അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണത്തിന്റെയും നൂതന സാങ്കേതിക വിദ്യകളുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവുകളും കുറയ്ക്കാനും അധികമായി കണ്ടെത്തുന്ന ജീവനക്കാരെ പുനർവിന്യസിക്കാനും 2010-ൽ ബഹുമാനപ്പെട്ട KSERC കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് ഐ.ഐ.എം കോഴിക്കോടിനെ പഠനത്തിനായി നിയോഗിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ പുന:സംഘടനയ്ക്ക് വേണ്ട |

| | |
|---|---|
| | നിർദ്ദേശങ്ങൾ സമർപ്പിയ്ക്കുവാനായി ബോർഡ് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും, പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിയ്ക്കുകയും ചെയ്യുകയാണ്.<br><br>ഇവയ്ക്കു പുറമെ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, ടെക്നീഷ്യൻമാർ എന്നിവർക്ക് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) (Measures Relating to Safety & Electric Supply) Regulation, 2010 പ്രകാരം നിശ്ചിത യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള യോഗ്യതകൾ ഉള്ളവരെ മാത്രമേ പ്രസ്തുത മേഖലകളിൽ നിയമിക്കാൻ പാടുള്ളൂ. ആയതിനാൽ CEA റഗുലേഷൻ പ്രകാരം ജീവനക്കാരുടെ യോഗ്യതകൾ, പരിശീലന പരിപാടികൾ എന്നിവ പരിഷ്കരിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ, ആവശ്യമായ ജീവനക്കാരുടെ എണ്ണവും, യോഗ്യതകളും സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ ബോർഡിന് കൂടുതൽ സമയം ആവശ്യമാണ്. ബോർഡിന്റെ പുനഃസംഘടനയും ജീവനക്കാരുടെ പുനർവിന്യാസവും പൂർത്തിയാവുന്നത് വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങളുടെ ശുപാർശകൾ താൽക്കാലികമായി നീട്ടിവയ്ക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിരിക്കുകയാണെങ്കിലും നിലവിൽ അസിസ്റ്റന്റ് എൻജിനീയർ, സബ് എൻജിനീയർ തുടങ്ങിയ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും അതിനോടനുബന്ധിച്ചുള്ള നിയമനങ്ങൾ ഇപ്പോഴും നടത്തിവരികയും ചെയ്യുന്നുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) ഒഴിവുള്ള തസ്തികകളിലേക്ക് സ്ഥിരം നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ 3888

# KERALA STATE ELECTRICITY BOARD LIMITED


(Incorporated under the Indian Companies Act, 1956)
Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram - 695 004, Kerala.
CIN: U40100KL2011SGC027424
Website: www.kseb.in

**Office of the Secretary (Administration)**

Phone: +91 471 2514456, 2514575, 2514504
Fax: 0471 2554039 E-mail: secretary@ksebnet.com


No. Estt.II/6781/2017 Date: 30.01.2018

From

Secretary (Administration)
Kerala State Electricity Board Limited.

To

The Secretary,
Kerala Public Service Commission,
Pattom, Thiruvananthapuram.

Sir,

Sub: Restructuring of KSEB Limited – Request to put on hold new recruitments through the KPSC till the finalization of re-structuring process – regarding.

KSEB Limited is now going through a phase of acute financial crisis. In the financial year 2016-17, KSEBL suffered a revenue gap to the tune of Rs. 1877 crores. The Kerala State Electricity Regulatory Commission has been insisting on the reduction of employee cost in the Board. Though there are around 33,000 employees in KSEBL, the financial sanction to grant salary/allowances to only 27,175 employees is approved by the KSERC. Since the salary/allowances to about 6,000 employees are being given without the approval of the KSERC, there is a situation in which the Board may not get back these expenses through tariff. Therefore it is imperative to make proper utilization of the existing staff and find out means by which their productivity can be improved through proper redeployment and training, without resorting to further intake of employees.

With the objective of improving the efficiency and productivity of KSEB Limited by introducing latest technology in its functioning, the Board has entrusted the Indian Institute of Management, Kozhikode with a detailed study for analyzing and recommending on the manpower utilization in the Board. The IIMK has submitted two reports so far and the existing staff is to be utilized in a better manner as per the recommendation of the IIMK, through organizational restructuring and proper re-deployment of existing staff & officers.

Another important aspect in this regard is concerning the implementation of Sub Regulations 6 & 7 of the Central Electricity Authority (Measures Relating to Safety & Electric Supply) Regulations, 2010, which stipulates specific qualifications for Engineers, Supervisors and Technicians engaged in the operation and maintenance of Generation, Transmission and Distribution systems in the power sector. Only persons with specific qualifications provided under the Sub Regulations 6 & 7 are to be appointed as Engineers, Supervisors and Technicians. KSEB Limited has already constituted a Committee for formulating the new recruitment, promotion and training policies in the Board in accordance with the CEA Regulations. The Board requires more time to finalize the actual requirement of staff and fixing the qualifications for recruitment. It is highly essential to postpone further appointments in the Board till the above process is completed in consultation with Trade Unions and Officer's organizations. Once the process is finalized, all vacancies will be reported to the KPSC. In case any vacancies have to be filled up before finalizing the re-structuring process, the KPSC would be approached.

In the above context, it is requested to put on hold all recruitments in KSEBL through the KPSC, till the organizational re-structuring and re-deployment of employees of KSEBL are completed.

**Yours faithfully,**

**Secretary (Administration)**